# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 40

14 മാർച്ച് 2015 പുസ്തകം 37 ലക്കം 40 പേജ് 6


ഉൾപ്പേജുകളിൽ


- വരാനിരിക്കുന്നത് കടുത്ത വരൾച്ച 2
- ബാലലോകം/കവിത 3
- കുഞ്ഞാപ്പി കുറ്റവാളിയോ? 4
- മഹത്വത്തിൽ/ക്വിസ് 5
- ചിന്ത/വാർത്തകൾ 6


# അന്ധനായ നീന്തൽക്കാരൻ

## (The blind swimmer)

ജോർജ്ജ് സി. വറുഗീസ്, തിരുവനന്തപുരം

**“കടന്നു പോകുന്ന ഏവരുമായുള്ളോരേ, ഇതു നിങ്ങൾക്ക് ഏതുമില്ലയോ?” (വിലാ. 1:12).**

ഒരു ചെറുപ്പക്കാരനായ നീന്തൽക്കാരൻ കേവലം 30 അടി മാത്രം അകലെയുള്ള കടലിൽ നിന്നും വിളിച്ചു ചോദിക്കയാണ് “which way to shore?” കരയിലേക്ക് എത്താനുള്ള വഴി ഏതാണ് എന്ന്. എന്നാൽ സമീപത്തു കരയിൽ നിന്ന മുങ്ങൽ വിദഗ്ധരായ ആളുകൾ ആരും തന്നെ ഈ ചോദ്യം ഗൗരവമായി എടുത്തില്ല. അവർ എല്ലാവരും വിചാരിച്ചു ഇത്രയും അടുത്തുള്ള കരയിലേക്ക് ആരുടെയും സഹായം കൂടാതെ എത്താൻ കഴിയുമല്ലോ എന്ന്. കുറെ കഴിഞ്ഞപ്പോൾ കരയിൽ നിന്നും ഒരാൾ അദ്ദേഹത്തിന്റെ അടുത്തേക്കു ഏതായാലും ഒന്നുപോയി നോക്കാം എന്ന് ചിന്തിച്ചു ചെന്നു നോക്കിയപ്പോഴാണ് മനസ്സിലാകുന്നത് ആ ചെറുപ്പക്കാരൻ വെള്ളത്തിൽ മുങ്ങി മരണത്തിലേക്ക് നീങ്ങുകയാണ്. ഉടനെ തന്നെ മറ്റുള്ള മുങ്ങൽ വിദഗ്ധരും സഹായത്തിനായി ഓടി എത്തി, അദ്ദേഹത്തെ നിമിഷത്തിനുള്ളിൽ കരയിൽ എത്തിച്ചു. അദ്ദേഹത്തെ മരണത്തിന്റെ പിടിയിൽ നിന്നും മടക്കി വരുത്താൻ അവർ ആവുംവിധം പരിശ്രമിച്ചു, പക്ഷെ അദ്ദേഹം മരണത്തിന് കീഴടങ്ങിയിരുന്നു.

എന്നാൽ അവരെ എല്ലാവരെയും അതിശയിപ്പിക്കയും ദുഃഖിപ്പിക്കയും ചെയ്ത ആ വസ്തുത അവർ കണ്ടെത്തി, ആ മനുഷ്യൻ കാഴ്ചയില്ലാത്തവനായിരുന്നു!

പ്രിയ സഹോദരങ്ങളെ, ഇന്നു നമ്മുടെ ചുറ്റും നാം നോക്കിയാൽ അനേകരും, ജീവിതത്തിന്റെ അർത്ഥം മനസ്സിലാകാതെ എവിടെ നിന്നു വരുന്നു എന്നും, എവിടേയ്ക്കു പോകുന്നു എന്നും നിശ്ചയമില്ലാതെ അന്ധകാരത്തിൽ തപ്പിനടക്കുകയാണ്. അവർക്ക് ജീവിതത്തെ സംബന്ധിച്ചിടത്തോളം, യാതൊരു അർത്ഥവും ലക്ഷ്യവുമില്ല. എന്നാൽ “യഥാർത്ഥ വഴി”യായ ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ച് ആ വഴിയിലേക്ക് ഇങ്ങനെയുള്ളവരെ നയിക്കേണ്ട ചുമതല എന്റെയും നിങ്ങളുടേതുമാണ് എന്നുള്ള കാര്യം മറന്ന് നാം ജീവിക്കുകയല്ലേ? അനേകരുടെ ആത്മീയ കണ്ണുകൾ തുറക്കപ്പെടുവാനും, അവരെ രക്ഷകനായ കർത്താവായ യേശുക്രിസ്തുവിലേക്ക്– അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് – നയിക്കാനുള്ള ഉത്തരവാദിത്തം നമുക്ക് ഓരോരുത്തർക്കും ഉണ്ട് എന്ന അവബോധം നമ്മെ ഭരിക്കട്ടെ.

“ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി” (2 കൊരി. 4:4).

ഇവിടെ സാത്താനെ ‘ഈ ലോകത്തിന്റെ ദൈവം’ എന്ന് വിളിച്ചിരിക്കുന്നു. അവിശ്വാസികളുടെ മനസ്സിന്മേൽ ഒരു മൂടുപടം ഇടുവാൻ അവൻ വിജയിച്ചിരിക്കുന്നു. അവൻ അവരെ ശാശ്വതമായ അന്ധകാരത്തിൽ സൂക്ഷിക്കയാണ്, ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം, ശോഭിച്ച് അവർ രക്ഷിക്കപ്പെടാതിരിക്കുവാൻ തന്നെ.

നമ്മുടെ പ്രപഞ്ചത്തിൽ, സൂര്യൻ എപ്പോഴും ശോഭിച്ചു കൊണ്ടിരിക്കുന്നു. നാം എപ്പോഴും അതു കാണുന്നില്ല. എന്നുള്ളതിന്റെ കാരണം സൂര്യന്റെയും നമ്മുടെയും മധ്യത്തിൽ എന്തോ കടന്നുവരുന്നു എന്നുള്ളതുകൊണ്ടാണ്. സുവിശേഷത്തോടുള്ള ബന്ധത്തിലും അപ്രകാരമാണ്. സുവിശേഷത്തിന്റെ പ്രകാശനം എപ്പോഴും ശോഭിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യഹൃദയങ്ങളിൽ ശോഭിക്കുവാൻ ദൈവം എപ്പോഴും താത്പര്യപ്പെടുന്നു. എന്നാൽ അവിശ്വാസികളുടെയും ദൈവത്തിന്റെയും മധ്യത്തിൽ വിവിധങ്ങളായ തടസ്സങ്ങൾ സാത്താൻ നിലനിർത്തുന്നു. അത് ഒരുപക്ഷേ നിഗളത്തിന്റെ കാർമേഘമാകാം, മത്സരത്തിന്റെയാകാം, സ്വയനീതിയുടേതാകാം, അഥവാ മറ്റ് വ്യത്യസ്ത കാര്യങ്ങളിൽ ഏതെങ്കിലുമൊന്നാകാം. എന്നാൽ ഇവ സകലവും സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതെ തടസ്സപ്പെടുത്തുന്നതിൽ ഫലപ്രദമായ നിലയിൽ പ്രവർത്തിക്കുന്നു. മനുഷ്യർ രക്ഷിക്കപ്പെടുന്നത് സാത്താന് അശേഷം താത്പര്യമുള്ള വിഷയമല്ല.

സുവിശേഷം ക്രിസ്തുവിന്റെ തേജസ്സിനോട് ബന്ധമുള്ളതായിരുന്നു. ഇന്ന് വിശ്വാസികളുടെ ദൃഷ്ടിയിൽ അവതരിപ്പിക്കപ്പെടുന്നത് നസ്രേത്തിലെ തച്ചനെയല്ല, അപമാനത്തിന്റെ ക്രൂശിൽ തൂങ്ങപ്പെട്ട ക്രിസ്തുവും അല്ല, പിന്നെയോ, രോഗസൗഖ്യവും, ഭൗമിക അഭിവൃദ്ധി, പണത്തിന്റെ ഞെരുക്കത്തിൽ നിന്നുള്ള വിടുതൽ തുടങ്ങിയ അനേക വിഷയങ്ങളാണ്. മനുഷ്യന്റെ പാപ പരിഹാരത്തിനായി കാൽവറി ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കയും, സ്വർഗ്ഗത്തിൽ ഇപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്തായിരിക്കയും ചെയ്യുന്ന

**എന്നാൽ അവരെ എല്ലാവരെയും അതിശയിപ്പിക്കയും ദുഃഖിപ്പിക്കയും ചെയ്ത ആ വസ്തുത അവർ കണ്ടെത്തി, ആ മനുഷ്യൻ കാഴ്ചയില്ലാത്തവനായിരുന്നു!**

കർത്താവായ യേശുക്രിസ്തുവിനെപ്പറ്റി എത്രപേർ പ്രസംഗിക്കുന്നു? ക്രിസ്തുവില്ലാത്ത ക്രൂശിനെപ്പറ്റി പ്രസംഗിച്ചാൽ അത് സാത്താന് വളരെ സന്തോഷമായിരിക്കും! അപ്പൊസ്തലനായ പൗലോസ് ഈ ബന്ധത്തിൽ ഓർപ്പിച്ചെഴുതുന്നത് വളരെ ശ്രദ്ധേയമാണ്: “അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നെ, ദൈവത്തിന്റെ ജീവനിൽ നിന്നകന്ന് മനം തഴമ്പിച്ചു പോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന് തങ്ങളെതന്നെ ഏൽപ്പിച്ചിരിക്കുന്നു. നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെക്കുറിച്ച് കേട്ട് അവരിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെയല്ല പഠിപ്പിച്ചത്. മുമ്പിലത്തെ നടപ്പു സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുഗ്രഹമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചു കൊൾവിൻ” (എഫെ. 4:18–24). നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വാക്കുകളെയും ഓർപ്പിക്കട്ടെ: “അവരെ വിടുവിൻ, അവർ കുരുടന്മാരായ വഴികാട്ടികളത്രെ, കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും” മത്താ. 15:14).

“ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു” എന്നു അരുളിച്ചെയ്ത നാഥന്റെ സുവിശേഷവുമായി ഇറങ്ങി തിരിച്ചിരിക്കുന്ന വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെയും നോർത്ത് ഡിവിഷന്റെയും പ്രവർത്തനങ്ങളെയും പ്രവർത്തകരേയും പറ്റി നാം സുവിശേഷധ്വനിയിൽ കൂടെ കേട്ടുകൊണ്ടിരിക്കയാണല്ലോ. നിലക്കോട്ടയിലും ബംഗാളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കർത്തൃദാസന്മാരെ ഓർത്തു പ്രാർത്ഥിക്കുകയും, അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. ഒരുസമയം “പൂർണ്ണസമയം സുവിശേഷവേലയ്ക്കായി വേർപെടണം എന്ന ശക്തിയായ നിർബന്ധം ഉണ്ടായിട്ടും സാധിക്കാതെ പോയ കർത്തൃദാസൻ ഇ.ജെ. പൈലി സാറിന്റെ “വന്ന വഴികൾ” എന്ന പരമ്പര, സംശയിച്ചു നിൽക്കുന്ന പല ദൈവദാസന്മാർക്കും വേലക്കിറങ്ങാൻ പ്രോത്സാഹനമാകട്ടെ. വേലയ്ക്ക് വേർതിരിയുവാൻ ആഗ്രഹിച്ചിട്ടും സാധിക്കാതെ പോയ, ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന സഹോദരന്മാരായ ഇ.പി. വർഗീസ്, ടി.കെ. ശാമുവേൽ സാർ മുതലായവരുടെ ജീവിതം നമ്മെ ചിന്തിപ്പിക്കട്ടെ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രത്യേകിച്ചും തെക്കൻ കേരളത്തിൽ കഴിഞ്ഞു കൂടുന്ന കർത്തൃദാസന്മാരെ വടക്കെ ഇൻഡ്യയിലെ ആവശ്യങ്ങൾ വിളിച്ചോതുന്ന “വന്ന വഴികൾ” എന്ന പരമ്പര ചിന്തിപ്പിക്കട്ടെ. “നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ” (Consider your ways). ഹഗ്ഗായി 1:2–9 വാക്യങ്ങൾ ശ്രദ്ധയോടെ വായിച്ചാലും. ദൈവമായ കർത്താവ് ഏവരേയും സഹായിക്കട്ടെ.

**ഒരുസമയം “പൂർണ്ണസമയം സുവിശേഷവേലയ്ക്കായി വേർപെടണം എന്ന ശക്തിയായ നിർബന്ധം ഉണ്ടായിട്ടും സാധിക്കാതെ പോയ കർത്തൃദാസൻ ഇ.ജെ. പൈലി സാറിന്റെ “വന്ന വഴികൾ” എന്ന പരമ്പര, സംശയിച്ചു നിൽക്കുന്ന പല ദൈവദാസന്മാർക്കും വേലക്കിറങ്ങാൻ പ്രോത്സാഹനമാകട്ടെ.**

## എസ്.ബി.എസ്. ടീൻസ് സ്പെഷ്യൽ ക്യാമ്പ് മാർച്ച് 31 മുതൽ

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ 2015 മാർച്ച് 31 ചൊവ്വ 4 മണി മുതൽ ഏപ്രിൽ 4 ശനി 1 മണി വരെ ടീൻസ് സ്പെഷ്യൽ ക്യാമ്പ് നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. 9,10,11,12 ക്ലാസ്സുകളിൽ മാർച്ചിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മാത്രമായിരിക്കും ക്യാമ്പിൽ പ്രവേശനം നൽകുക. ഉപദേശ സത്യങ്ങൾ ക്രമീകൃതമായി പഠിക്കുന്ന നിലയിലുള്ള സിലബസ്, പ്രായോഗിക ജീവിതത്തെ സംബന്ധിച്ചുള്ള ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് തുടങ്ങിയവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ദൈവകരങ്ങളിൽ ഉപയോഗപ്പെട്ടുകൊണ്ടിരിക്കുന്ന സഹോദരീസഹോദരന്മാരാണ് ക്ലാസ്സുകൾ എടുക്കുന്നത്. ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവജനത്തിന്റെ പ്രാർത്ഥനയും നിർലോഭമായ സഹകരണവും പ്രതീക്ഷിക്കുന്നു.

ജനറൽ സെക്രട്ടറി (09544374527)

## ഹ്രസ്വകാല ബൈബിൾ പഠനം

**കൊട്ടാരക്കര:** യുവജനങ്ങൾക്കു ദൈവവചനാഭ്യസനം നല്കുകയെന്ന ലക്ഷ്യത്തിൽ കൊട്ടാരക്കര സെന്റർ വൈ.എം.ഇ.എഫ്. ന്റെ ചുമതലയിൽ 2015 മെയ് 6 ബുധൻ മുതൽ 16 ശനി വരെ കൊട്ടാരക്കര പുലമൺ ബ്രദറൺ ഗോസ്പൽ ഹാളിൽ പത്തുദിവസത്തെ ബൈബിൾ ക്ലാസ്സ് ക്രമീകരിക്കുന്നു. അടിസ്ഥാനവേദോപദേശങ്ങൾക്കും പ്രായോഗിക ക്രിസ്തീയജീവിതത്തിനും പ്രാധാന്യം നല്കി നമ്മുടെ മധ്യേ അധ്യാപനരംഗത്തു പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന കർത്തൃദാസന്മാർ ക്ലാസ്സുകൾ നയിക്കുന്നതായിരിക്കും. പതിനഞ്ചിനും മുപ്പത്തിയഞ്ചിനുമിടയിൽ പ്രായമുള്ളവർക്കാണ് മുൻഗണന. പ്രവേശനം ലഭിക്കുന്നവർ പൂർണ്ണസമയം താമസിച്ചു പഠിക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും അപേക്ഷാഫോറത്തിനും താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക: Dean, Sam Zachariah, Praise Dale, Nellikunnam P.O., Kottarakkara, Kollam- 691

## വൈ.എം.ഇ.എഫ്. (നോർത്ത് ഡിവിഷൻ) ട്രസ്റ്റ്

# ബൈബിൾ ക്യാമ്പ്

### ബ്രദറൺ സഭാഹാൾ വാളകം

ഏപ്രിൽ 1 ബുധൻ രാവിലെ 10 മണി മുതൽ 4 ശനി ഉച്ചയ്ക്ക് 1 മണി വരെ

ശുശ്രൂഷകന്മാർ: ബ്രദർ അജോയ് റ്റി. മാത്യൂ (മഹാരാഷ്ട്ര), ബ്രദർ ഡാനിയേൽ വർഗീസ് (പുനലൂർ), ബ്രദർ റെജി കെ. തോമസ് (നെല്യാടി)

**സ്പെഷ്യൽ ക്ലാസ്സുകൾ**

നമ്മുടെ യുവതലമുറയിൽ നല്ലൊരു പങ്ക് ആധുനിക മാധ്യമങ്ങളുടെ ചതിക്കുഴിയിൽ പെട്ട് ഉഴലുകയാണ്. ഈ വിഷയത്തിൽ മാതാപിതാക്കളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി ഏപ്രിൽ 2 വ്യാഴാഴ്ച രാവിലെയും ഉച്ചകഴിഞ്ഞുമായി രണ്ട് പ്രത്യേക ക്ലാസ്സുകൾ ക്യാമ്പിൽ ക്രമീകരിച്ചിരിക്കുന്നു. ദൈവമക്കൾ പ്രാർത്ഥനാപൂർവ്വം ക്യാമ്പിൽ ആദിയോടന്തം പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റിനു വേണ്ടി

സ്റ്റാൻലി ഏബ്രഹാം (പ്രസിഡന്റ്) 9388281162, രമേശ് എസ്. നായർ (സെക്രട്ടറി) 9447047854

(ക്യാമ്പിൽ സുവിശേഷധ്വനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതായിരിക്കും.)

**സുവിശേഷ ധ്വനി**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക

2015 മാർച്ച് 14
പുസ്തകം 37, ലക്കം 40



◆

**"...അതിൽ മഴ പെയ്യിക്കരുതെന്ന് ഞാൻ മേഘങ്ങളോടു കല്പിക്കും"**
(യെശ. 5:6).

◆

# വരാനിരിക്കുന്നത് കടുത്ത വരൾച്ച



ദുരന്തനിവാരണ കേന്ദ്രം കഴിഞ്ഞ വർഷങ്ങളിലെ മഴയുടെ അളവ്, ഭൂജലനിരപ്പിന്റെ അളവ് ഉപഗ്രഹചിത്രങ്ങൾ, ശുദ്ധജലവിതരണത്തിന്റെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വരൾച്ചാറിപ്പോർട്ടിൽ കേരളത്തിലെ ഏകദേശം 65 ശതമാനം മേഖലകളും വരൾച്ചയുടെ പിടിയിലാണെന്നാണു രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വർഷം പതിവിൽ കൂടുതൽ മഴ ലഭിച്ചിട്ടും കടുത്ത വരൾച്ചക്കു സാധ്യതയെന്നും റിപ്പോർട്ടിൽ പറയുന്നു. കേരളത്തിൽ പലഭാഗങ്ങളിലും ഇപ്പോൾ തന്നെ ശുദ്ധജലക്ഷാമം തുടങ്ങി.

സൈന്യങ്ങളുടെ യഹോവ തന്റെ മുന്തിരിത്തോട്ടമായ യിസ്രായേൽ ഗൃഹത്തിൽ നല്ല മുന്തിരിങ്ങ കായ്ക്കുമെന്നു കാത്തിരുന്നാറെ അത് കാട്ടുമുന്തിരിങ്ങ കായ്ച്ചതു യഹോവയെ ദുഃഖിപ്പിച്ചു. അപ്പോൾ യഹോവ ഞാൻ അതിൽ മഴ പെയ്യിക്കുകയില്ല എന്ന് കല്പിക്കുകയാണ്. ചില ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുവാനാണ് യഹോവ യിസ്രായേലിനെ മുന്തിരിത്തോട്ടത്തോട് ഉപമിച്ചിരിക്കുന്നത്. മറ്റു ജാതികളിൽ നിന്നും പ്രത്യേകമായി തിരഞ്ഞെടുത്ത യിസ്രായേൽ ജനത്തെ ദൈവം വളരെ അധികം സ്നേഹിച്ചു. നിങ്ങൾ എന്റെ വാക്ക് കേട്ട് അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്ക് സകലജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിക്കും; നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജത്വവും, വിശുദ്ധജനവും ആയിരിക്കും എന്നും അവരോട് കല്പിച്ചു. എന്നാൽ കനാൻ നാട്ടിൽ എത്തി സമ്പത്ത് വർദ്ധിച്ചപ്പോൾ അവർ യഹോവയെ മറന്നു. ന്യായപ്രമാണത്തെ ത്യജിച്ച് അന്യദൈവങ്ങളെ സേവിച്ചു. ആമോസ് പ്രവാചകൻ മുഖാന്തരം യഹോവ അവരോടു കല്പിച്ചത്, "കൊയ്ത്തിന് ഇനി മൂന്നു മാസമുള്ളപ്പോൾ ഞാൻ നിങ്ങൾക്കു മഴ മുടക്കിക്കളഞ്ഞു; ഞാൻ ഒരു പട്ടണത്തിൽ മഴ പെയ്യിക്കയും മറ്റെ പട്ടണത്തിൽ മഴപെയ്യിക്കാതിരിക്കയും ചെയ്തു. ഒരു കണ്ടത്തിൽ മഴ പെയ്തു; മഴ പെയ്യാത്ത മറ്റെ കണ്ടം വരണ്ടുപോയി. രണ്ടു മൂന്നു പട്ടണം വെള്ളം കുടിപ്പാൻ ഒരു പട്ടണത്തിലേക്കു ഉഴന്നു ചെന്നു; ദാഹം തീർന്നില്ല താനും; എന്നിട്ടും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല." അനേക ന്യായവിധികൾ അവരുടെ മേൽ വന്നിട്ടും അവർ ജീവജലത്തിന്റെ ഉറവയായ യഹോവയെ ഉപേക്ഷിച്ച് വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നെ കുഴിക്കുകയായിരുന്നു. ഇത് ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു; ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധി ഉപദേശത്തിനായി എഴുതിയുമിരിക്കുന്നു.

ഒന്നാം നൂറ്റാണ്ടിൽ സ്ഥലം സഭകൾ ആത്മികമായി അധികം വളർന്നു. ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ സഭകൾ ആത്മിക വരൾച്ച പ്രാപിച്ചിരിക്കുന്നു. യിരെമ്യാവെപ്പോലെ നമ്മുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകത്തക്കവണ്ണവും നമ്മുടെ കൺപോളയിൽ നിന്നും വെള്ളം ചാടത്തക്കവണ്ണവും ബദ്ധപ്പെട്ടു വിലാപം കഴിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഇന്നത്തെ നമ്മുടെ ആത്മീയ വരൾച്ചയുടെ കാരണം എന്താണ്? കഴിഞ്ഞ നൂറിൽപരം വർഷങ്ങളായി വേർപാട് സത്യങ്ങൾ അടങ്ങിയ നല്ല ആത്മീയ മഴ നമുക്ക് നൽകിയിട്ടും നമ്മൾ ഈ ലോകത്തോട് അനുരൂപരായി കർത്താവിൽ നിന്ന് വേർപെട്ട് പോകുകയാണോ? ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ട് നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്ന് അറിയാതിരിക്കയാണോ? നാം മാനസാന്തപ്പെടാതെ ശീതോഷ്ണാവസ്ഥയിൽ തുടർന്നാൽ കർത്താവ് തന്റെ വായിൽ നിന്ന് നമ്മെ ഉമിണ്ണുകളയും എന്ന് അരുളിച്ചെയ്തിരിക്കുന്നു.

ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നമ്മിലും ഉണ്ടായിരിക്കണം. നാം ഓരോരുത്തരും പരിശുദ്ധാത്മാവിന്റെ നിറവിൽ (നിയന്ത്രണത്തിൽ) എപ്പോഴും ആയിരിക്കുമ്പോൾ വരൾച്ച നീങ്ങിപ്പോകും. സ്ഥലം സഭകൾ ഉണർത്തപ്പെടും. ദേശത്ത് നല്ല നിലവിളക്കായി ശോഭിക്കുവാൻ കഴിയും. അന്ധകാരം നീങ്ങുവാൻ വിളക്ക് എപ്പോഴും ജ്വലിച്ച് പ്രകാശിക്കണം. സ്ഥലം സഭകളിൽ ആഴ്ചതോറും ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനായോഗങ്ങളും ബൈബിൾ സ്റ്റഡിയും ചിലർ ഉപേക്ഷിക്കുന്നതിനാൽ അവർ കടുത്ത വരൾച്ചയിലാണ്. ആരാധനയോഗത്തിൽ വർഷങ്ങളായി മൗനമായിരിക്കുന്ന വിശ്വാസികൾ സഭകളിൽ ഉണ്ടോ? നമ്മുടെ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന അധരഫലം എന്ന സ്തോത്രയാഗം കർത്താവിന് സൗരഭ്യവാസനയാണ്. "യഹോവയിൽ ആശ്രയിക്കയും യഹോവ തന്നെ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ ഫലവൃക്ഷം പോലയാകട്ടെ; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല. അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും" (യിരെ. 17: 7,8). കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നമ്മിൽ നിന്നും തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകുവാൻ കർത്താവ് കൃപ നൽകട്ടെ.

**എ.ജെ. ഉമ്മൻ**

# സഭയിൽ ഐക്യമുള്ളവരായിരിപ്പിൻ

**വി.സി. സാമുവേൽ, കൊച്ചി**

**സ്നേഹവും ഐക്യതയും ഇല്ലാതെ സഭകൾക്ക് എത്രനാൾ നിലനില്ക്കാനാകും... സാത്താന്റെ ശക്തമായ തന്ത്രങ്ങളെ അതിജീവിച്ച് സ്ഥലം സഭകൾ ഐക്യതയിൽ നിലനില്ക്കുവാൻ ലേഖകൻ ആഹ്വാനം ചെയ്യുന്നു.**

ഈ കാലയളവിൽ നാമധേയ ക്രൈസ്തവരുടെ ഇടയിലും ലോക മനുഷ്യരിൽ പോലും ഐക്യം (unity) വർദ്ധിച്ചു വന്നുകൊണ്ടിരിക്കുന്നു. എന്നാൽ വിശ്വാസികളെന്നു പറയുന്നവരുടെ ഇടയിൽ ഐക്യത നഷ്ടപ്പെട്ടു വരുന്നു എന്നതാണ് സത്യാവസ്ഥ. ഇന്ന് പല സ്ഥലംസഭകളിലും ആത്മീയത്വം - സ്നേഹവും കരുതലും ഐക്യതയും- നഷ്ടപ്പെട്ടു. ചില സ്ഥലങ്ങളിൽ കൂടിവരവുകൾ തന്നെ നാമമാത്രമായി തീർന്നിരിക്കുന്നു. ഈ അവസരത്തിൽ ഇതിനൊരു പരിഹാരം കണ്ടെത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു.

**1. ഐക്യതയുടെ ആരംഭം എവിടെ നിന്ന്?**

ഐക്യത പിതാവാം ദൈവത്തിൽ നിന്നും പുത്രനാം ദൈവത്തിൽ നിന്നും ആരംഭിച്ചതാണ്. യോഹന്നാന്റെ സുവിശേഷം 17-ാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന കർത്താവിന്റെ പ്രാർത്ഥന പഠിച്ചാൽ ഈ വിഷയത്തെ പറ്റി കൂടുതലായി മനസ്സിലാക്കാം. പരസ്പര ഐക്യത്തിന്റെ അടിസ്ഥാനവും മാതൃകയും പിതാവാം ദൈവത്തിൽ നിന്നും പുത്രനിൽ കൂടെയും നമുക്കു ലഭിച്ചു. യോഹ. 10:38, 6:57, 4:10-11 നോക്കുക.

**2. ഐക്യത എങ്ങനെ നഷ്ടപ്പെട്ടു?**

ആദാമിന്റെ പാപം മൂലം മനുഷ്യർ ദൈവത്തിങ്കൽ നിന്നും അകന്നുപോയി. അതോടൊപ്പം മനുഷ്യർ പരസ്പരവും അകന്നുപോയി. ക്രിസ്തുവിലൂടെ മാത്രമേ നമുക്ക് ദൈവത്തോട് അടുക്കുവാൻ സാധിക്കുകയുള്ളു. ഐക്യം വീണ്ടെടുക്കുവാൻ നാം ദൈവത്തോട് അടുക്കണം. ദൈവം നമ്മെ പുത്രീപുത്രന്മാരും തമ്മിൽ സഹോദരീ സഹോദരന്മാരുമാക്കി തീർത്തിരിക്കുന്നു. അതു സാധിച്ചത് പുത്രനാം ദൈവത്തെ പിതാവ് ലോകത്തിലേക്ക് അയച്ചതുമൂലമാണ്. നാം ഈ സത്യം വിശ്വസിക്കുമ്പോൾ ദൈവം നമുക്ക് പദവികൾ നൽകുന്നു. ദൈവമക്കളെന്ന നിലയിൽ പരസ്പരം ഐക്യതയും ഉണ്ടാകുന്നു.

**3. ഐക്യത ഏതൊക്കെ രീതിയിലുണ്ട്?**

a. പരസ്പരം ഉള്ള ഐക്യം.

b. പിതാവിലും പുത്രനിലും വിശ്വാസികൾക്കുള്ള ഐക്യം

c. മുകളിൽ പറഞ്ഞ രണ്ടു രീതിയിലുള്ള ഐക്യവും ലോകം കണ്ട് മനസ്സിലാക്കുവാനും അവരിൽ ഐക്യത ഉളവാകുവാനും സാധിക്കും.

*വിശ്വാസികളിൽ താഴെ പറയുന്ന ഐക്യത തന്മൂലം ഉളവാകുന്നു.*

a. കൂട്ടായ്മയുടെ ഐക്യത

b. സാക്ഷ്യത്തിന്റെ ഐക്യത

c. മഹത്വത്തിന്റെ ഐക്യത

ഇവ പസ്പരമുള്ള ഐക്യത മൂലവും ക്രിസ്തുവുമായുള്ള ഐക്യത മൂലവും ഉളവാകുകയും ചെയ്യുന്നു. ഈ ഐക്യത തികഞ്ഞതാണ്, വളരെ പ്രധാനപ്പെട്ടതുമാണ്. ഐക്യത ഉണ്ടെങ്കിൽ സഭയിൽ പരസ്പരം സ്നേഹവും കരുതലും ആത്മീയത്വവും ഉണ്ടാകും. നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവനാമം മഹത്വപ്പെടട്ടെ. ഈ ഐക്യത ലോകം അറിഞ്ഞാൽ അത് ചിലരുടെ രക്ഷയ്ക്ക് കാരണമാകും. (വെളി. 3:9 നോക്കുക.)

**4. നഷ്ടപ്പെട്ട ഐക്യം എങ്ങനെ വീണ്ടെടുക്കാം?**

വിശ്വാസികൾ പരസ്പരം സത്യത്താൽ വിശുദ്ധീകരിക്കുക. വിശുദ്ധീകരണം മൂലം അറിവ്, സമർപ്പണം എന്നിവ ശിഷ്യന്മാരിലും ഉണ്ടാകുന്നു. നീതി ലോകത്തിനു മനസ്സിലാക്കുവാൻ ക്രിസ്തുവിൽ കൂടെ മാത്രമേ സാധിക്കുകയുള്ളു. ക്രിസ്തുവിൽ കൂടെ മാത്രമേ രക്ഷാകരമായ അറിവും ലഭിക്കുകയുള്ളു. ഐക്യതയിൽ നിലനിൽക്കുവാൻ താഴെ പറയുന്നവ അത്യാവശ്യമാണ്.

*ഐക്യത്തിൽ ജീവിക്കുന്നതിന് പരസ്പരം സ്നേഹം ആവശ്യമാണ്:* പുത്രന്റെ സ്നേഹം നാം എത്ര മാത്രം ആസ്വദിക്കുന്നുവോ അത്ര മാത്രം പിതാവിന്റെ സ്നേഹത്തെപ്പറ്റി മനസ്സിലാക്കുവാൻ സാധിക്കുന്നു. യേശു കർത്താവ് നമ്മിൽ വസിക്കുന്നതിനാൽ നാം പിതാവിന്റെ സ്നേഹം മനസ്സിലാക്കി കൊണ്ടിരിക്കുവാൻ സാധിക്കുന്നു. യോഹ. 17:6-ൽ "പിതാവിന്റെ സ്നേഹം നാം അവർക്കു വെളിപ്പെടുത്തി" എന്നു വായിക്കുന്നു. ഈ വെളിപ്പെടുത്തൽ ആത്മാവിന്റെ വരവോടെ നിവൃത്തിയായി. ഐക്യതയ്ക്ക് സ്നേഹം ആവശ്യമാണ്. സ്നേഹം ഉണ്ടെങ്കിൽ മാത്രമേ അന്യോന്യം കരുതലിലും ഐക്യതയിലും ജീവിക്കുവാൻ കഴികയുള്ളു. നമുക്ക് പരസ്പരം സ്നേഹിച്ച് ഐക്യപ്പെടാം.

*പരസ്പര സ്നേഹം ഉണ്ടെങ്കിൽ അന്യോന്യം കരുതുവാൻ സാധിക്കും. റോമർ 14:1-12 വരെ വാക്യങ്ങളിൽ ഈ സത്യം വെളിപ്പെടുത്തുന്നു.*

a. ദൈവം നമ്മെ സ്വീകരിച്ചു. യോഹ. 14:1-3- തമ്മിൽ തമ്മിലുള്ള സ്നേഹവും ആത്മീയ കൂട്ടായ്മയുടെ ആവശ്യവും കർത്താവാണ് തീരുമാനിച്ചത്. വ്യക്തിപരമായ മുൻവിധികളിലൂടെയും ദൃഢവിശ്വാസങ്ങളിലൂടെയും മനുഷ്യർ നിബന്ധനകൾ കൊണ്ടുവരുന്നത് ദൈവവചനത്തിന് എതിരാണ്. നമ്മെ കർത്താവു സ്വീകരിച്ചതു മൂലം നാമും പരസ്പരം സ്വീകരിക്കണം. തന്മൂലം അന്യോന്യം കരുതുകയും വേണം.

b. ഏതു സഭയിലും രണ്ടു രീതിയുള്ള വിശ്വാസികളുണ്ട്. ബലഹീനരും ബലവാന്മാരും. ബലഹീനർ പക്വതയിൽ എത്തിയിട്ടില്ല. അവർ അനാത്മീയരായി തോന്നിയാലും

➤ശേഷം 4-ാം പേജിൽ

ഗോത്രങ്ങൾ തേടി..... 98




# ദിയോരി

**ജനസംഖ്യ : 40,000**

**സാക്ഷരത : ഉയർന്നത്**

**തിരുവചന ലഭ്യത : തിരുവചന പരിഭാഷ ആരംഭിച്ചിട്ടില്ല**




**നാമമാത്രമായി കുറെ ക്രിസ്ത്യാനികളും ഇവർക്കിടയിലുണ്ട്. എന്നാൽ പ്രായോഗിക തലത്തിൽ ക്രിസ്തീയ സാക്ഷ്യമോ, പ്രവർത്തനങ്ങളോ ഇനിയും ഉണ്ടായിട്ടില്ല.**

**അ**സം, അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കിഴക്കു ഭാഗത്ത് മഹാനദിയായ ബ്രഹ്മപുത്രയോടു ചേർന്നു കിടക്കുന്ന ധാതുസമ്പന്നവും ഫലഭൂയിഷ്ഠവുമായ ഭൂമിയാണ് ദിയോരികളുടെ നാട്. പരമ്പരാഗത രീതിയിലുള്ള ഇവരുടെ വീടുകൾ മരം, മുള, ഈറ, ചൂരൽ മുതലായവ കൊണ്ട് നിർമ്മിക്കപ്പെട്ടവയാണ്. സാധാരണയായി നിലത്തുനിന്നും ഉയർത്തി പണിതിട്ടുള്ള തട്ടിനു മുകളിലാണ് അവർ വീടുകൾ പണിയുന്നത്. തട്ടിനു താഴെയുള്ള ഭാഗത്തു വളർത്തു മൃഗങ്ങളെ പാർപ്പിക്കുന്നു. ഇതു മൃഗങ്ങൾക്കു സുരക്ഷയ്ക്കും, ഈ തട്ടിലുള്ള വിടവുകൾ അവശിഷ്ടങ്ങൾ താഴേയ്ക്കു എളുപ്പത്തിൽ ഇട്ടു കൊടുക്കുന്നതിനുള്ള ഉപാധിയായും വർത്തിക്കുന്നു.

പൊതുവെ മിതമായ കാലാവസ്ഥയാണ് ഇവിടുത്തേത്. ശക്തമായ മഴയും ലഭിക്കുന്നു. ബ്രഹ്മപുത്ര നദിയിലെ ആണ്ടുതോറുമുള്ള വെള്ളപ്പൊക്കത്തിൽ കളിമണ്ണ് കലർന്ന എക്കൽ അടിയുന്നത് കൃഷിക്ക് ഒരു അനുഗ്രഹമെന്നവണ്ണം ഇവിടുത്തെ മണ്ണിനെ ഫലഭൂയിഷ്ഠമാക്കുന്നു. അസമിലെ പ്രധാനപ്പെട്ട തേയിലത്തോട്ടങ്ങൾ ഈ പ്രദേശത്താണ്. സമ്പന്നമായ അസംസ്കൃത എണ്ണ നിക്ഷേപങ്ങൾ ഇവിടെയുള്ളതുകൊണ്ട് ഡിഗ്‌ബോയി എണ്ണ ശുദ്ധീകരണശാല സ്ഥിതിചെയ്യുന്നതും ഇവിടെയാണ്.

പ്രധാനമായി ഗ്രാമീണജനതയായ ദിയോരികൾ കൃഷിതല്പരരായ കഠിനാധ്വാനികളാണ്. തങ്ങൾക്കാവശ്യമുള്ളതിലുപരി അവർ ഉത്പാദിപ്പിക്കുകയും മിച്ചം വരുന്നവ വിൽക്കുന്നതു വഴി അധികവരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു. കൂടുതൽ ആളുകൾ പണിയെടുക്കാനുള്ളതു വഴി കൂടുതൽ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കാമെന്ന വിശ്വാസം മൂലം അവർ കൂട്ടുകുടുംബങ്ങളായി പാർക്കുന്നു. അവർ മൃഗങ്ങളെയും വളർത്തുന്നു.

അസാമീസ്, ഹിന്ദി, മിഷിങ്ങ്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ സംസാരിക്കാൻ കഴിയുന്നവരാണ് ദിയോരികളിൽ പലരും. എന്നാൽ വീട്ടിൽ അവർ ദിയോരി ഭാഷമാത്രം ഉപയോഗിക്കുന്നു. ഇവർ മുഖ്യമായും ഹൈന്ദവരാണ്. ചുരുക്കം ചിലർ ബുദ്ധമത വിശ്വാസികളും, പ്രകൃതിശക്തികളെ ആരാധിക്കുന്നവരുമാണ്. നാമമാത്രമായി കുറെ ക്രിസ്ത്യാനികളും ഇവർക്കിടയിലുണ്ട്. എന്നാൽ പ്രായോഗികതലത്തിൽ ക്രിസ്തീയ സാക്ഷ്യമോ, പ്രവർത്തനങ്ങളോ ഇനിയും ഉണ്ടായിട്ടില്ല.

സുവിശേഷം ദിയോരി ജനതയെ അറിയിക്കുന്നതിനും, ഭാവിയിലെ സഭാവളർച്ചയ്ക്കു ഒരു നല്ല അടിസ്ഥാനം ഇടുന്നതിനും ദിയോരി ഭാഷയിലുള്ള ദൈവവചനം അത്യന്താപേക്ഷിതമാണ്. ദൈവസ്നേഹം പ്രതിഫലിപ്പിക്കുന്ന ദൈവവേലക്കാരെയാണ് ദിയോരികൾക്ക് ഈ കാലഘട്ടത്തിൽ ആവശ്യം.



## പ്രാർത്ഥനയ്ക്കായി

- ദിയോരികളുടെ ഇടയിലേക്കു പോകുവാൻ ദൈവം തന്റെ ദൂതുവാഹകരെ എഴുന്നേല്പിക്കേണ്ടതിനും, ദിയോരികൾ അവരെ അംഗീകരിക്കുവാനും...
- ദിയോരി ഭാഷയിലേക്കു തിരുവചന പരിഭാഷ ആരംഭിക്കുന്നതിനുള്ള വാതിലുകൾ തുറക്കപ്പെടേണ്ടതിനായി...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

ബാലലോകം

# ത്യാഗം

**സാം പ്രസാദ്, മുള്ളരിങ്ങാട്**



**ഐ**സ്ക്രീം ഇഷ്ടപ്പെടാത്ത ആരെങ്കിലും ഉണ്ടോ...? ആരും ഉണ്ടാകാൻ വഴിയില്ല. ഐസ്ക്രീം എന്നു കേട്ടാൽ വായിൽ കപ്പലോടിക്കാൻ കഴിയും വിധം വെള്ളം നിറയുന്നവരും വീടുവിട്ടു പുറത്തിറങ്ങുമ്പോൾ ഐസ്ക്രീമിനായി വാശിപിടിക്കുന്ന കുട്ടുകാരും ഇതു വായിക്കുന്നുണ്ടെന്നറിയാം. നമ്മെപ്പോലെ തന്നെ ഒരു ഐസ്ക്രീം കൊതിയനാണ് ശാമു. ഒരു ദിവസം സ്കൂൾ വിട്ട് വീട്ടിലേക്ക് നടന്നു പോകുമ്പോൾ വഴിയിലെ ഐസ്ക്രീം കടയിലെ വെയിറ്റർ പുരികം വളച്ച് ചോദ്യരൂപത്തിൽ അവനെ നോക്കി. എല്ലാ ദിവസവും സ്കൂൾ വിട്ട് പോകുമ്പോൾ കടയിലേക്ക് നോക്കി അവൻ കടന്നുപോകുന്നത് അയാൾ ശ്രദ്ധിച്ചിട്ടുണ്ട്. ഐസ്ക്രീമിന്റെ കൊതിപ്പിക്കുന്ന ബഹുവർണ്ണചിത്രങ്ങളിൽ അവന്റെ കണ്ണുകൾ ഉടക്കി നിൽക്കുന്നതും പിന്നീട് സ്വയം വലിക്കുന്നതുപോലെ കണ്ണുകൾ പിൻവലിച്ച് സ്കൂൾ ബാഗും തൂക്കി യാത്ര തുടരുന്നതും അയാൾ കണ്ടിട്ടുണ്ട്. ഏതോ ദരിദ്രവാസി പയ്യനാണ്. എട്ടോ ഒമ്പതോ വയസ്സ് പ്രായമുള്ള അവനോട് എന്തോ അയാൾക്ക് തീരെ താല്പര്യം തോന്നിയില്ല.

അന്ന് കടയ്ക്കുള്ളിലേക്ക് കയറിയ അവനെ നോക്കി അയാൾ ചോദ്യരൂപത്തിൽ ഒന്നു മൂളി.

'അങ്കിൾ ആ കപ്പിനെന്താ വില?'

ആദ്യമേ വില ചോദിച്ചിട്ട് ഐസ്ക്രീം കഴിക്കാൻ വന്നിരിക്കുന്നു. അയാൾ പിറുപിറുത്തു.

എന്നിട്ടല്പം ഈർഷ്യയോടെ പറഞ്ഞു: "15 രൂപ"

അവന്റെ മുഖം വിവർണ്ണമാകുന്നത് അയാൾ കണ്ടു. അവന്റെ കരം ട്രൗസറിന്റെ പോക്കറ്റിലേക്ക് നീണ്ടു. ചില്ലറത്തുട്ടുകളുടെ കിലുക്കം. അവൻ കടയുടെ വശത്തേക്ക് മാറിനിന്ന് നാണയങ്ങൾ ഒരിക്കൽ കൂടി എണ്ണി. അപ്പോഴേക്കു വെയിറ്റർ മറ്റൊരാൾക്ക് ഐസ്ക്രീം കൊടുക്കാൻ പോയിരുന്നു...

'അങ്കിൾ, ആ കപ്പിനെന്താ വില?'

ഫ്രീസറിനുള്ളിലെ ചെറിയ കപ്പ് ചൂണ്ടി അവൻ ചോദിച്ചു, '12 രൂപ' അയാൾ ദേഷ്യത്തോടെ പറഞ്ഞു. 'ആ കപ്പ് തരൂ' അവൻ ഓർഡർ ചെയ്തു. കടയുടെ മൂലയിൽ ഇരുന്ന് ഐസ്ക്രീം കഴിച്ച ശേഷം ബില്ലും നൽകി കട വിട്ടിറങ്ങി.

വെയിറ്റർ ഒഴിഞ്ഞ കപ്പെടുക്കാനായി അവനിരുന്ന മേശയുടെ അടുക്കലെത്തി. അവിടെ കണ്ട കാഴ്ച അയാളുടെ കണ്ണുകളെ ഈറനണിയിച്ചു.

ആ ബാലൻ 3 രൂപ അയാൾക്ക് ടിപ്പ് വെച്ചിട്ടാണ് പോയത്! അത് അയാളെ ആഴത്തിൽ സ്പർശിച്ചു.

പ്രിയ കൂട്ടുകാരെ, നമ്മുടെ ചെറിയ ത്യാഗം മറ്റുള്ളവരെ രൂപാന്തരപ്പെടുത്തും എന്നതിനു സംശയമില്ല. ഒരു പക്ഷേ അപരന്റെ ആത്മരക്ഷയ്ക്കുവരെ ആ ത്യാഗം കാരണമായേക്കാം. ത്യാഗപൂർണ്ണമായ ജീവിതത്തിന് ഉടമകളാകുവാൻ നമ്മെ ഏവരെയും ദൈവം സഹായിക്കട്ടെ.

കവിത

# ജയിച്ചതാര്?

**സതീഷ് ബി.**

ലോകം മുഴുവൻ കാണുന്നു ക്രൂശിൽ
മരണവും ജീവനും വിജയവും തോൽവിയും
എൻ കരം നിന്നിൽ പതിച്ചു
മൂന്നാണി മേൽ നീ കരേറി
നിൻ വസ്ത്രമൂരിപങ്കുവച്ചു
നഗ്നനായി പരിഹാസിതനായ്...
സ്ത്രീജനം മാറത്തടിച്ചു
വിങ്ങുന്ന ഹൃദയങ്ങൾ ചുറ്റും വിതുമ്പി.
സൃഷ്ടിജാലം മൗനമായ് നിന്നു
അന്ധത ഭൂവിലെങ്ങും നിറഞ്ഞു
ദുഷ്ടർ തൻ കൈകളിൽ കിട്ടിയ നേരം
ചങ്കു പിളർന്നവർ നൃത്തമാടുന്നു...
പഴയ പാമ്പിൻ തല തകർത്തു
ധീരവീരനാമെന്നുടെ രക്ഷകൻ
പ്രപഞ്ചസീമകൾ നിൻ വാഴ്‌വു കണ്ടു
വിജയപരാജയങ്ങൾ നേരിൽ കണ്ടു.

## എഴുത്തുകാരുടെയും വായനക്കാരുടെയും ശ്രദ്ധയ്ക്ക്


- വരിസംഖ്യ അയക്കുന്നവർ അഡ്രസ്സ് ദയവായി വ്യക്തമാക്കുക. മണിയോർഡർ ഫോമിൽ നിന്ന് പണമയക്കുന്നവരുടെ അഡ്രസ്സ് വ്യക്തമായി ലഭിക്കുന്നില്ല.
- രണ്ടു കോപ്പി ലഭിക്കുന്നവർ യഥാസമയം അറിയിക്കുക.
- വാർത്തകളും രചനകളും ഇമെയിൽ, തപാൽ, നേരിട്ട് ചീഫ് എഡിറ്റർക്ക് എത്തിക്കുക. കഥ, കവിത, ബൈബിൾ വിഷയാധിഷ്ഠിത ലേഖനം, പഠന ലേഖനങ്ങൾ, ഫീച്ചറുകൾ, അനുഭവങ്ങൾ, അഭിമുഖങ്ങൾ, മിഷനറി യാത്രാനുഭവങ്ങൾ, ദുരുപദേശ ഖണ്ഡനം, സഭാവാർത്തകൾ, കാലിക പ്രസക്തമായ വാർത്തകൾ എന്നിവയ്ക്കാണ് പ്രാമുഖ്യം. വ്യക്തിപരമായ വിമർശനങ്ങളോ സഭയിലെ ഗ്രൂപ്പു വാർത്തകളോ പ്രസിദ്ധീകരിക്കുന്നതല്ല. ലേഖനങ്ങൾ ഒരേ സമയം തന്നെ കോപ്പിയെടുത്ത് വിവിധ മാസികകൾക്ക് അയയ്ക്കുന്നവർ ഇത്തരം കോപ്പികൾ സുവിശേഷ ധ്വനിക്ക് അയക്കരുത്. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു തന്നെയായിരിക്കും.
- വരിസംഖ്യ കുടിശ്ശിക വരുത്താതെ സഹകരിക്കുക.



വന്ന വഴികൾ – 19

# എസക്കിയേൽ സാറും അപ്പിയമ്മ സഹോദരിയും

ഇ.ജെ. പൈലി, അങ്കമാലി



വൈ.എസക്കിയേൽ

**പി.**റ്റി. കോശിസാറിനേപ്പറ്റി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. വളരെ എരിവോടെ തിരുവനന്തപുരത്തും അതിനു തെക്കുള്ള സഭകളിലും പ്രവർത്തിച്ചുകൊണ്ടിരുന്നയാളായിരുന്നു താൻ. ഞങ്ങൾക്കൊരുമിച്ച് ഹൃദ്യമായ കൂട്ടായ്മ അനുഭവിക്കാൻ സാധിച്ചു. പലസ്ഥാനങ്ങളിലും ഞങ്ങൾക്കൊരുമിച്ച് പ്രവർത്തിക്കുവാനുമിടയായി. തന്റെ ഒടുവിലത്തെ നാളുകളിൽ രോഗക്കിടക്കയിൽ വളരെ വേദന അനുഭവിച്ചു കിടക്കുമ്പോൾ ചെന്നു കണ്ടു. "അധികം ശുദ്ധീകരിക്കുന്നു" എന്നാണ് അതിവേദനയിൽ താൻ പറഞ്ഞുകൊണ്ടിരുന്നത്.

തിരുവനന്തപുരത്തെ താമസത്തിനിടയിൽ പ്രിയ എസക്കിയേൽ സാറിന്റെ ബൈബിൾ ക്ലാസ്സുകളിൽ പതിവായി സംബന്ധിക്കുവാൻ കഴിഞ്ഞത് പ്രത്യാശ വർദ്ധിപ്പിക്കുന്നതിനു മുഖാന്തരമായി. അദ്ദേഹത്തോട് അടുത്തിടപെടുവാനും സന്ദർഭം ലഭിച്ചു. ഒരു യുവാവായിരുന്ന എന്നെ താൻ വളരെ പ്രോത്സാഹിപ്പിച്ചു. തിരുവനന്തപുരത്തിനു തെക്കുള്ള സഭകളിൽ അന്ന് എനിക്ക് പരിചയം കുറവായിരുന്നു. സി.എസ്.ഐ. പള്ളികളിൽ ചിലതിൽ എന്നെ പരിചയപ്പെടുത്തി സുവിശേഷമറിയിക്കുന്നതിനുള്ള സന്ദർഭങ്ങൾ എസക്കിയേൽ സാർ ഉണ്ടാക്കിത്തന്നു. എസക്കിയേൽ സഹോദരന്റെ ഭാര്യയുടെ ജ്യേഷ്ഠത്തി അപ്പിയമ്മ സഹോദരിയുടെ ഉത്സാഹത്തിൽ മലയിൻകീഴ് എന്ന സ്ഥലത്ത് ഒരു സണ്ടേസ്കൂൾ പ്രവർത്തനം ആരംഭിച്ചപ്പോൾ ഞായറാഴ്ചകളിൽ ഉച്ച കഴിഞ്ഞ് അവിടെപ്പോയി അതു നടത്താമോ എന്ന് എസക്കിയേൽ സാർ എന്നോടു ചോദിച്ചു. സന്തോഷത്തോടെ ഞാൻ ക്ഷണം സ്വീകരിച്ചു. തിരുവനന്തപുരത്തു നിന്ന് 16 കി.മീറ്ററോളം അകലെയാണ് മലയിൻകീഴ്. സണ്ടേസ്കൂളിനുള്ള കാര്യമായ സൗകര്യമൊന്നും അവിടെയുണ്ടായിരുന്നില്ല. ഒരു ചെറിയ വീടിന്റെ വരാന്ത മാത്രമാണ് അതിനായി കിട്ടിയത്. അപ്പിയമ്മ സഹോദരി നേരത്തെ അവിടെ ചെന്ന് കുട്ടികളെ സംഘടിപ്പിക്കും. അന്ന് ജോലി പ്രമാണിച്ച് തിരുവനന്തപുരത്തുണ്ടായിരുന്ന ജയപ്രകാശ് എന്ന സഹോദരനും ഞാനുമൊരുമിച്ച് ഞായറാഴ്ചകളിൽ മലയിൻകീഴ് പോയി സണ്ടേസ്കൂൾ ക്ലാസ്സ് നടത്തുകയും കുട്ടികളെ പാട്ടു പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. അന്നത്തെ വിദ്യാർത്ഥികളിൽ ഒരാളായിരുന്നു ജി. സുശീലൻ. നിങ്ങൾ ഇവിടെ നിന്നും ഇത്ര ദൂരം പോയി സണ്ടേസ്കൂൾ എടുക്കേണ്ട ആവശ്യമുണ്ടോ എന്ന് കുന്നുകുഴി സഭയിലെ ഒരു സഹോദരൻ ചോദിച്ചത് ഓർക്കുന്നു. ഞങ്ങൾ പിന്തിരിഞ്ഞില്ല. കർത്താവ് ആ ശുശ്രൂഷയെ അനുഗ്രഹിച്ചു. അതു വളർന്ന് അവിടെ ഒരു സഭ രൂപം കൊണ്ടു. ഇപ്പോൾ മലയിൻകീഴിൽ നല്ല ഒരു സഭയും സഭാഹോളുമുണ്ട്. അല്പ കാര്യങ്ങളുടെ ദിവസത്തെ നമുക്ക് തുച്ഛീകരിക്കാതിരിക്കാം. അപ്പിയമ്മ സഹോദരിയുടെ കാര്യവും സഹോദരിമാർക്ക് ഒരു മാതൃകയാണ്. കാര്യമായ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഒരു പ്രായമുള്ള സ്ത്രീ. എങ്കിലും മലയിൻകീഴിൽ ഒരു സണ്ടേസ്കൂൾ പ്രവർത്തനം സംഘടിപ്പിക്കുവാൻ സഹോദരി ഉത്സാഹിച്ചു. മറിയ തന്നാൽ ആവതു ചെയ്തതു പോലെ സഹോദരിയും ആവതു ചെയ്തു. ആരും ഇന്ന് അറിയാത്ത ഈ എളിയ സഹോദരിയും പ്രതിഫലം പ്രാപിക്കുന്നതിനു ഒരു ദിവസം എഴുന്നേറ്റു വരും. ഡോ. ബില്ലിഗ്രഹാം ഒരിക്കൽ പറഞ്ഞു: "സ്വർഗ്ഗത്തിൽ ഒരു പത്രം പ്രസിദ്ധീകരിക്കുന്നെങ്കിൽ അതിന്റെ ഒന്നാം പേജിൽ വെണ്ടയ്ക്ക അക്ഷരത്തിൽ വരുന്നത് ബില്ലിഗ്രഹാമിന്റെ കാര്യമായിരിക്കയില്ല. ആരും അറിയാതെ ആസ്സാമിന്റെ ഏതോ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന മിഷനറി വനിതയുടെ കാര്യമായിരിക്കും പ്രധാന വാർത്ത."

**"സ്വർഗ്ഗത്തിൽ ഒരു പത്രം പ്രസിദ്ധീകരിക്കുന്നെങ്കിൽ അതിന്റെ ഒന്നാം പേജിൽ വെണ്ടയ്ക്ക അക്ഷരത്തിൽ വരുന്നത് ബില്ലിഗ്രഹാമിന്റെ കാര്യമായിരിക്കയില്ല. ആരും അറിയാതെ ആസ്സാമിന്റെ ഏതോ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന മിഷനറി വനിതയുടെ കാര്യമായിരിക്കും പ്രധാന വാർത്ത."**



ടി.കെ. ശാമുവേൽ

എസക്കിയേൽ സഹോദരനെക്കുറിച്ചുള്ള ഓർമ്മകൾ പുളകം കൊള്ളിക്കുന്നതാണ്. ആറാമട കൺവൻഷനു ക്ഷണിച്ചപ്പോൾ റ്റി.കെ. ശാമുവേൽ സാറുമൊരുമിച്ച് വചനം ശുശ്രൂഷിച്ചതോർക്കുന്നു. വടക്ക് കടമറ്റം സഭയിലും പ്രിയ എസക്കിയേൽ സാറുമൊരുമിച്ച് വചനം ശുശ്രൂഷിക്കാനിടയായി. തിരുവനന്തപുരം പ്രദേശത്തും കേരളക്കരയിലും വിദേശരാജ്യങ്ങളിലും ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെട്ട ഒരു ശ്രേഷ്ഠ ദൈവദാസനായിരുന്നു താൻ. തന്റെ ഗ്രന്ഥങ്ങളിൽ കൂടെ താൻ എന്നും ഓർക്കപ്പെടും. കുന്നുകുഴി സഭയിൽ ഞാൻ പരിചയിച്ച ഒന്നാം തലമുറയിൽപ്പെട്ട എല്ലാവരും തന്നെ തിരശ്ശീലയ്ക്കപ്പുറത്തേക്കു പ്രവേശിച്ചു. ഇന്ന് തിരുവനന്തപുരം സിറ്റിയിൽ തന്നെ ധാരാളം സഭകളുണ്ട്.

ട്രെയിനിംഗ് പൂർത്തിയാക്കിയ ശേഷം 1966–ൽ പോസ്റ്റൽ ഇൻസ്പെക്ടർ ടെസ്റ്റിൽ വിജയം വരിക്കുവാൻ കർത്താവു സഹായിച്ചു. അതും ഒരത്ഭുതമായിരുന്നു. അഖിലേന്ത്യാതലത്തിൽ നടത്തിയിരുന്ന വളരെ പ്രയാസകരമായ ഒരു പരീക്ഷയായിരുന്നു അത്. ഈ പരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു അങ്കമാലിക്കടുത്തു മൂക്കന്നൂരിൽ വെച്ച് വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷന്റെ ഗോസ്പൽ ക്യാമ്പു നടന്നത്. ക്യാമ്പിന്റെ മുഴുവൻ ചുമതലയും എനിക്കായിരുന്നു. പരീക്ഷ എഴുതേണ്ട തിങ്കളാഴ്ചവരെ നാലു ദിവസങ്ങളും ക്യാമ്പായിരുന്നു. പരീക്ഷയ്ക്കു പഠിക്കണമോ അതോ ക്യാമ്പിനോടനുബന്ധിച്ചുള്ള ചുമതലകൾ നിർവ്വഹിക്കണമോ എന്ന ചോദ്യമുയർന്നു. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കാനല്ലേ കർത്താവു പറഞ്ഞത്. പഠനം മാറ്റിവച്ച് ക്യാമ്പിൽ പ്രവർത്തിക്കാൻ തീരുമാനിച്ചു. വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ ക്യാമ്പ് നടന്നു. പതിവിനു വിപരീതമായി ഞായറാഴ്ച രാത്രിയിലും മൂക്കന്നൂരിൽ സുവിശേഷയോഗവും നടത്തേണ്ടി വന്നു. അങ്ങനെ 'വേറൊരു ലോകത്തിൽ' നിന്നും എന്നപോലെ തിങ്കളാഴ്ച വളരെ ബദ്ധപ്പെട്ട് എറണാകുളത്തു പോയി ഇൻസ്പെക്ടർ ടെസ്റ്റെഴുതി. അത്ഭുതമെന്നു പറയട്ടെ, ഫലം പുറത്തു വന്നപ്പോൾ ഞാൻ റാങ്കോടെ ജയിച്ചു! ദൈവത്തിനു സ്തോത്രം. കർത്താവു വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ. മുമ്പേ അവന്റെ രാജ്യം അന്വേഷിച്ചതു കൊണ്ട് ലജ്ജിക്കേണ്ടി വന്നില്ല.

**ദൈവത്തിനു സ്തോത്രം. കർത്താവു വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ. മുമ്പേ അവന്റെ രാജ്യം അന്വേഷിച്ചതുകൊണ്ട് ലജ്ജിക്കേണ്ടി വന്നില്ല.**

1966 ആഗസ്റ്റിൽ ഒരു മാസം ഇൻസ്പെക്ടറായി കൊല്ലത്ത് ജോലി ചെയ്തു. കൊല്ലത്തുള്ള വിശ്വാസികളുമായി സന്തോഷകരമായ കൂട്ടായ്മ അനുഭവിച്ച ദിവസങ്ങൾ. അന്ന് സഭായോഗം നടന്നിരുന്നത് സഹോദരൻ റ്റി.എൽ. ജോർജ്ജിന്റെ ഭവനത്തിൽ വച്ചായിരുന്നു. സഹോദരൻ കെ.എൻ. നൈനാപിള്ളയുമൊരുമിച്ച് പ്രവർത്തിച്ചതിനേപ്പറ്റി അടുത്ത ലക്കത്തിൽ.

●

---

നുറുങ്ങു ചിന്ത

## കുഞ്ഞാപ്പി കുറ്റവാളിയോ....?

പി.വി. സന്തോഷ്, വയനാട്

**ടൗ**ണിൽ പുതുതായി തുറന്ന ചരിത്ര വസ്തുക്കൾ സൂക്ഷിക്കുന്ന മ്യൂസിയം കാണുവാൻ സന്ധ്യാവേളയിൽ കുഞ്ഞാപ്പിച്ചേട്ടൻ വീട്ടിൽ നിന്ന് ഇറങ്ങി. കാർമേഘം പടർന്നതു കൊണ്ടായിരിക്കാം കയ്യിൽ കാലൻ കുടയും കരുതി. ബസ്സ് സ്റ്റോപ്പിൽ ചെന്ന് ആദ്യം കണ്ട ബസ്സിൽ കയറി ബസ്സ് സ്റ്റാൻഡിൽ ഇറങ്ങി.

'ഈ ബസ്സിന് മുകളിൽ ഇരിക്കുന്ന ചെമ്പ് ആരുടെതാണ്', കിളിയുടെ ശബ്ദം സ്റ്റാൻഡിൽ മുഴങ്ങി. പലപ്രാവശ്യം വിളിച്ചു ചോദിച്ചിട്ടും ചെമ്പിന്റെ ഉടമസ്ഥൻ ആരും വരുന്നില്ല എന്നു കണ്ട് കുഞ്ഞാപ്പിച്ചേട്ടന്റെ മനസ്സിൽ അത്യാഗ്രഹം തലപൊക്കി. ഉടമസ്ഥൻ ഇല്ലാത്ത ഒരു ചെമ്പ് ബസ്സിന്റെ മുകളിൽ ഇരിക്കുന്നു. ഉടമസ്ഥൻ ആരും വരുന്നില്ല എന്നു കണ്ട് കുഞ്ഞാപ്പിച്ചേട്ടൻ, 'എന്റേതാണ് മകനേ ഇങ്ങ് ഇറക്കി വച്ചേക്കൂ.' ഇറക്കിവച്ചിരുന്ന ചെമ്പിന്റ മുഖം മൂടിയിരുന്ന പോളിത്തീൻ കവർ ചുമട്ട് തൊഴിലാളികൾ മാറ്റി നോക്കി. ഞെട്ടിപ്പിക്കുന്ന കാഴ്ചയാണ് അവർ ചെമ്പിനുള്ളിൽ കണ്ടത്. ആരുടെയോ കൊടും ക്രൂരതയുടെ ബാക്കിപത്രമായിരുന്നു ചെമ്പിനുള്ളിൽ. ഒരു മനുഷ്യന്റെ ജഡം!

ഇതുകണ്ട് കുഞ്ഞാപ്പി തലകറങ്ങി വീണു. കട്ടവനെ കണ്ടില്ലെങ്കിൽ കിട്ടിയവനെ പിടിക്കുക എന്നുള്ളവർക്ക് കുഞ്ഞാപ്പിയെ ഇരുമ്പഴിക്കുള്ളിലാക്കുവാൻ അധിക നിമിഷം വേണ്ടിവന്നില്ല.

**വാലറ്റം:** "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ" (1 തിമൊ.6:10).

---

## സഭയിൽ ഐക്യമുള്ളവരായിരിപ്പിൻ

➢ 2–ാം പേജിൽ നിന്നും തുടർച്ച

നിന്ദിക്കരുത്. എന്നാൽ ദൈവം ബലവാന്മാരെയും ബലഹീനരെയും ഒരുപോലെ സ്വീകരിച്ചു. നാമും അവരെ സ്വീകരിപ്പാൻ കടമ്പെട്ടിരിക്കുന്നു. വിശ്വാസികൾ അന്യോന്യം കുറ്റപ്പെടുത്തരുത്. ദൈവം നമ്മുടെ യജമാനനും നാം തന്റെ ദാസന്മാരുമാണ്. വിശ്വാസികൾ കർത്താവിനുവേണ്ടി പ്രവർത്തിക്കുവാൻ കടമ്പെട്ടിരിക്കുന്നു. വിശ്വാസിയുടെ കടമ ആത്മാക്കളെ നേടുക എന്നുള്ളതാണ്. ദൈവിക വാഗ്ദത്തങ്ങൾ എല്ലാം നിറവേറ്റപ്പെടും. നാം പ്രവർത്തിക്കണം. സമയം തക്കത്തിൽ ഉപയോഗിക്കണം. കർത്താവ് പ്രവർത്തിക്കും. പ്രവർത്തനങ്ങൾക്ക് ഫലം ലഭിക്കും. പ്രതിഫലവും തക്ക സമയത്ത് ലഭിക്കും.

c. ഐക്യതയ്ക്കു വേണ്ടിയും കൂട്ടുവിശ്വാസികൾക്കു വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. കർതൃത്വം കർത്താവിനു നൽകിക്കൊണ്ട് കൂട്ടുസഹോദരങ്ങളെ നമ്മെക്കാൾ ശ്രേഷ്ഠരായി എണ്ണാം. പരസ്പരം സ്നേഹിക്കാം, കരുതാം, പരസ്പരം പ്രാർത്ഥനയിൽ ഓർക്കാം. ദൈവം നമ്മുടെ സഭകളിൽ ഐക്യത നൽകും. കൂട്ടായ്മ ബന്ധം ഉണ്ടാകും. ആത്മീയ അന്തരീക്ഷം സഭകളിൽ ഉണ്ടാകുകയും കർത്താവിന്റെ നാമം നമ്മിലൂടെ മഹിമപ്പെടുകയും ചെയ്യും.

d. വിധിക്കുന്നവനും ന്യായാധിപനും നമ്മുടെ യേശുകർത്താവു തന്നെ. നമ്മുടെ പ്രവൃത്തികൾ ശോധന ചെയ്യുന്നത് കർത്താവാണ്. മറ്റുള്ളവരെ വിധിക്കുവാൻ നമുക്ക് അധികാരം നൽകിയിട്ടില്ല. നിങ്ങൾ സഹോദരനെ വിധിക്കുന്നതെന്ത്? ബലവാന്മാരും ബലഹീനരും ഒരുപോലെ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപിൽ നില്ക്കേണ്ടവരാണ്. പരസ്പരം വിധിക്കുന്നവരാകരുത്. ന്യായാസനം കർത്താവിനാൽ വിധിക്കപ്പെടുന്ന സ്ഥലമാണ്. നമ്മുടെ പാപപരിഹാരത്തിനായി ക്രിസ്തു മുന്നമെ വില നല്കിയതിനാൽ തന്റെ ന്യായാസനത്തിനു മുൻപിൽ പാപങ്ങൾക്കു യാതൊരു പ്രസക്തിയുമില്ല. നമ്മുടെ പ്രവൃത്തികൾ തീയിൽ തെളിഞ്ഞു വന്നാൽ പ്രതിഫലം ലഭിക്കും. വെന്തു പോയാൽ നഷ്ടമാകും, പ്രതിഫലം ലഭിക്കുകയില്ല. നമ്മുടെ കൂടിവരവുകളിൽ കർത്താവിനെ മഹത്വപ്പെടുത്തണം. ശിക്ഷാവിധിയിൽ അകപ്പെടാതെ ജീവിതം ക്രമപ്പെടുത്താം. ഐക്യതയിൽ കഴിയാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഐക്യതമൂലം എന്തു പ്രയോജനം ഉണ്ടാകും?**

കൂട്ടുസഹോദരങ്ങളുമായി ഐക്യതയിൽ കഴിഞ്ഞാൽ കൂട്ടായ്മാബന്ധം ശക്തിപ്പെടും. സഭയിൽ ആത്മിക വർദ്ധന വരുവാനിടയാകും. കൂട്ടുസഹോദരനുമായി യഥാർത്ഥ സഹോദരബന്ധം ഉണ്ടാകും. പരസ്പരം സ്നേഹിക്കണം. വിശ്വാസത്തിൽ

➢➢

# ബൈബിൾ ക്വിസ് -73

## (1 ദിനവൃത്താന്തം)

1. "ഞങ്ങൾ നിന്റെ അസ്ഥിയും മാംസവും അല്ലോ" എന്ന് ആര് ആരോടു പറഞ്ഞു?
2. ആരുടെ കാലത്തായിരുന്നു ഭൂവാസികൾ പിരിഞ്ഞുപോയത്?
3. ശപഥാർപ്പിത വസ്തുവിൽ അകൃത്യം ചെയ്തു യിസ്രായേലിനെ കഷ്ടത്തിലാക്കിയ വ്യക്തി ആര്?
4. "ഭൂമിയിൽ ഞങ്ങളുടെ ആയുഷ്ക്കാലം ഒരു നിഴൽപോലെയത്രേ, യാതൊരു സ്ഥിരതയുമില്ല"എന്നു പറഞ്ഞതാര്?
5. കൊമ്പുയർത്തേണ്ടതിന് ദൈവം പതിനാലു പുത്രന്മാരെയും മൂന്നു പുത്രിമാരെയും കൊടുത്തതാർക്ക്?
6. അപ്പനുമുമ്പേ മരിച്ചുപോയ അഹരോന്റെ പുത്രന്മാർ ആരെല്ലാം?
7. ഹദദേസെരിന്റെ കുതിരകളിൽ എത്ര രഥക്കുതിരയുടെ കുതിഞരമ്പാണ് ദാവീദ് വെട്ടാതിരുന്നത്?
8. "ഞാൻ വലിയൊരു ഭോഷത്വം ചെയ്തുപോയി" എന്തുഭോഷത്വം?
9. കളത്തിന്റെ വിലയായി ദാവീദ് ഒർന്നാനു കൊടുത്തതെന്ത്?
10. കീർത്തനവും വന്ദനവും സ്തോത്രവും ചെയ്യുന്നവരിൽ തലവൻ ആര്?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

ഗാനം



# കാൽവരി സ്നേഹം

(ക്രൂശിന്മേൽ ക്രൂശിന്മേൽ എന്ന രീതി...)

**സുനി ജോബി, അങ്കമാലി**

കണ്ടു ഞാൻ കാൽവരി ക്രൂശിലാ സ്നേഹത്തെ
കൈകൾ വിരിച്ച നിൻ മാറിലാ സ്നേഹത്തെ
നിന്ദ സഹിച്ചു നീ പീഡ സഹിച്ചു നീ
കൂട്ടുകാർ വിട്ടുപോയ് താതനും കൈവിട്ടു
ദോഷങ്ങളെത്രമേൽ ചെയ്തു ഞാനത്രയും
ദോഷം നീയേറ്റല്ലോ ദോഷിയെ സ്നേഹിച്ചു
ക്രൂശിൽ മൂന്നാണിയിൽ തൂങ്ങുന്ന നാഥാ നിൻ
ക്രൂശിലെ രക്തത്താൽ ശുദ്ധനായ് ഞാനിതാ
ദൈവത്തിൻ പുത്രാ നീ മർത്യനെ നേടുവാൻ
ഏഴയെ നേടുവാൻ യാഗമായി തീർന്നല്ലോ
എന്തു ഞാൻ നല്കിടും എന്തു ഞാൻ ചൊല്ലിടും
നിൻ തിരു യാഗമെൻ പേർക്കായെന്നോർക്കും ഞാൻ

# പ്രാർത്ഥനായോഗം

**അങ്കമാലി:** വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ മാസം തോറും നടന്നു വരുന്ന പ്രാർത്ഥനായോഗം മാർച്ച് 21-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ വാളകം ബ്രദറൺ സഭാഹാളിൽ നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. എല്ലാ സഹോദരന്മാരും തക്കസമയത്ത് വന്നു ചേരുവാൻ താല്പര്യപ്പെടുന്നു.

രമേശ് എസ്. നായർ (സെക്രട്ടറി)

**ബൈബിൾ ക്വിസ് 70 – ശരിയുത്തരങ്ങൾ**

1. 42 (2:24) 2. അബാനയും പർപ്പരും (5:12) 3. യേഹു (10:27) 4. യോവാശ് (13:17) 5. ശല്ലും (15:10) 6. 14-ാം ആണ്ടിൽ (18:13) 7. ഹിസ്കീയാവ് (20:6) 8. യോശീയാവ് (23:20) 9. ബെഥേലിലെ ബാലന്മാർ എലീശായോട് (2:23) 10. യേഹു യോനാദാബിനോട് (10:16)

**ക്വിസ് 69 – ശരിയുത്തരം അയച്ചവർ**

Neethu Vinu Silas Palakkad, P.V. Elizabeth Peroorkada, Sheena Santhosh Thriperumthura, Mary George Pazhavan-gadi, C.A. Annakutty Iringole, Annamma Samuel Thriperumt-hura, Jolly Mathew Kalanjoor, P.A. Abraham Kariamplavu, Suseela Biju Cheppad, Alice Korah Puthupally, Annamma Baby Ponkunnam, Nicy Renji Cheppad, Rosamma Thomas Thadiyoor, Kunjunjamma Moses Elanthoor, Philomol K. Varghese South Chittoor, Rachel Manesh Wadakkanchery, C.M. Daniel Kizhakkumpattukara, Mariamma Varghese Chelikuzhy, Spurjan K.J. Russelpuram, Mercy Rumees Manalithara, P.J. Samuel Edapp- ally, Rachel Abraham Vikhroli Mumbai, Saramma Thomas Kottayam, K.Prabhakaran Ammanoorkonam, Annamma Alexander Koipuram, J. Suseela Ammanoorkonam, Ponnamma Raju Sharjah, Darley Samuel Chennai, Saramma Paulose Ooramana, Jeemon Daniel Mallappally, Jane Mathews Dhoni Palakkad, Mariamma Thomas Kunnan-thanam, Jisha Roy Ooramana, Annamma Chacko Ettichuvadu, Mary Jacob Hydrabad, Mariamma Thomas Pazhavangadi, Jibin Bijoy Koratty

# സെന്റർ ക്യാമ്പ്

**പത്തനംതിട്ട:** പത്തനംതിട്ട സെന്റർ സുവിശേഷകൻ ബാലസംഘത്തിന്റെ ക്യാമ്പ് ഏപ്രിൽ 8 ബുധൻ മുതൽ 11 ശനി വരെ പത്തനംതിട്ട സുവിശേഷാലയത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബ്രദർ കെ. വി. മാത്യൂ, ഡോ. ജോൺ ഏബ്രഹാം, സിബി വിശ്വനാഥ്, ജോർജ്ജ് കോശി, പി. ജി. ജെയിംസ്, സജി എ.ജെ. എന്നിവരാണ് ലീഡേഴ്സ്. ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും

# സുവിശേഷ മഹായോഗം

**കൊട്ടാരക്കര:** ചെപ്ര ബ്രദറൺ സഭാഹോൾ അങ്കണത്തിൽ 2015 ഏപ്രിൽ 9 മുതൽ 12 ഞായർ വരെ സുവിശേഷയോഗങ്ങൾ നടക്കുന്നു. രാത്രിയോഗങ്ങൾ 6 മുതൽ 9 വരെ. പ്രസംഗകന്മാർ: എം.എൻ. ശശി (തൃശൂർ), ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം). ദൈവജനം പ്രാർത്ഥിക്കുക.

# മഹത്വത്തിൽ



**മല്ലശ്ശേരി:** സുവിശേഷകൻ എബി. കെ. ജോർജ്ജിന്റെ വലിയമ്മ കളർവിളയിൽ **പെണ്ണമ്മ ജോൺ (91)** മാർച്ച് 3-ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. മാർച്ച് 6-ന് മല്ലശ്ശേരി ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി:** പള്ളിപ്പാട്ടുതോട്ടത്തിൽ ബ്രദർ ബാബു കുരുവിളയുടെ പത്നി **വൽസ ബാബു (51)** മാർച്ച് 4-ന് പ്രത്യാശാതീരത്തേക്കു മാറ്റപ്പെട്ടു. എറണാകുളം സൗത്ത് ബഥേൽ ബ്രദറൺ ചർച്ച് അംഗമായിരുന്നു. ഭൗതികശരീരം അങ്കമാലി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ മാർച്ച് 5-ന് അങ്കമാലിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ന്യൂയോർക്ക്:** പരേതനായ കെ.സി. ജോസഫിന്റെ സഹധർമ്മിണിയും ഇന്ത്യാ ഗോസ്പൽ അസംബ്ലി അംഗവുമായ **അച്ചാമ്മ ജോസഫ് (തങ്കമ്മ)** ഫെബ്രു. 26-ന് മഹത്വതീരത്തേക്കു ചേർക്കപ്പെട്ടു. സംസ്കാരം മാർച്ച് 2-ന് ഇവിടെ നടത്തി. കുടുംബാംഗങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.



**തിരുവല്ല:** വടക്കടത്തു പുത്തൻ വീട് (നാല്ക്കാലിക്കൽ) ബ്രദർ ലെഫ്. എൻ.കെ. ജോർജ്ജിന്റെ ഭാര്യ **അച്ചാമ്മ ജോർജ്ജ് (101)** ഫെബ്രു. 26-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 28-ന് കിഴക്കൻ മുത്തൂർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അടൂർ:** പുളിവിളയിൽ ബ്രദർ പി.ജി. വർഗീസിന്റെ സഹധർമ്മിണി **അമ്മിണി വർഗീസ് (സാറാമ്മ-67)** ഫെബ്രു. 24-ന് തന്റെ പ്രത്യാശയായിരുന്ന മഹത്വതീരത്തേക്കു ചേർക്കപ്പെട്ടു. തിരുവനന്തപുരം പേരൂർക്കട ബ്രദറൺ അസംബ്ലി അംഗമായിരുന്നു. ഫെബ്രു. 27-ന് പേരൂർക്കട അസംബ്ലിയിലെ ശുശ്രൂഷയ്ക്കു ശേഷം, 28-ന് അടൂർ പരുത്തിപ്പാറ ഹെബ്രോൻ ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ പരുത്തിപ്പാറയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**ഇംഫാൽ (മണിപ്പൂർ)**: ബഥേസ്ദാ ക്രിസ്ത്യൻ അസംബ്ലി അംഗമായ **ബ്രദർ ലൂക്കോയ്** ഫെബ്രു. 27-ന് പ്രത്യാശയുടെ തീരത്തേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 28-ന് ഇവിടെ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കണ്ണൂർ :** കാപ്പിമലയിൽ സുവിശേഷകനായ ബ്രദർ സെബാസ്റ്റ്യൻ ഫിലിപ്പിന്റെ മകൻ **ഗോഡ്വിൻ (9)** മാർച്ച് 10 ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം മാർച്ച് 11 ന് പ്രത്യാശയോടെ സംസ്ക്കരിച്ചു. ദു:ഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും

# ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്ക്

**ആലുവ:** ആലുവാസഭയിൽ കഴിഞ്ഞ ഏഴു വർഷമായി ബ്രദർ ജോജോ പി.ജെ. കർത്താവിനെ ആരാധിച്ച് വരികയും എല്ലാ ആത്മീയ ശുശ്രൂഷയിലും സജീവമായി പങ്കെടുക്കുകയും നല്ല ക്രിസ്തീയ സാക്ഷ്യം പുലർത്തി വരികയും ചെയ്യുന്നു. സഹോദരൻ കഴിഞ്ഞ ദീർഘവർഷങ്ങൾ കാമ്പസ് ക്രൂസേഡ് എന്ന ക്രിസ്തീയ സംഘടനയിൽ പ്രവർത്തിക്കുക ആയിരുന്നു. കഴിഞ്ഞ നാലു വർഷമായി ആലുവാ സഭയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. കർത്താവിന്റെ വേലയ്ക്കായുള്ള വിളി ബോധ്യപ്പെട്ടതിനെത്തുടർന്ന് ആലുവാസഭ ഒരു പൂർണ്ണ സമയ സുവിശേഷകനായി ദൈവജനത്തിന്റെ മുമ്പാകെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി സഹോദരനെ പരിചയപ്പെടുത്തുന്നു. സഹോദരന് ഭാര്യയും രണ്ടു മക്കളും (മകൻ, മകൾ) ഉണ്ട്. സഹോദരന്റെ വിലാസം: Evg. Jojo P.J., Puthuparambil House, Thottakkattukara P.O., Aluva- 683 108 Ernakulam- Dist., Kerala, India Mob: 91 9446783809 Email: jopjic@gmail.com

സി.എ. മാണി, കെ.വി. മാത്യു, കെ.സി. ചാക്കോ

# വൈ.എം.ഇ.എഫ്. (സൗത്ത്) പ്രാർത്ഥനാസമ്മേളനം

**കല്ലിശ്ശേരി:** വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെ ചുമതലയിലും ശബരിമാങ്കൽ സെന്ററിന്റെ സഹരണത്തിലും 2015 മാർച്ച് 29 ഞായർ 3:30 പി.എം. ന് തെള്ളിയൂർ ബ്രദറൺ സഭാഹാളിൽ പ്രാർത്ഥനാസമ്മേളനം ക്രമീകരിച്ചിരിക്കുന്നു. സഹോദരന്മാർ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

പ്രൊഫ. എം.ജെ. കുര്യൻ: 9495605722.

വളരണം. ദാനധർമ്മങ്ങളിൽ മുമ്പോട്ടു നിൽക്കണം. പരസ്പരം സ്വാധീനിക്കണം. റോമ.14:13-15 വരെ നോക്കുക. കൂട്ടുവിശ്വാസികളുമായി സന്തോഷത്തിൽ കഴിയണം. അവരെ ദുഃഖിപ്പിക്കുകയോ ഇടർച്ച വരുത്തുന്നയാതൊന്നും ചെയ്യുകയോ ചെയ്യരുത്. 1 കൊരി. 8:9-ൽ ബലഹീനരെ എങ്ങനെ സ്വാധീനിക്കാം എന്നു കാണുന്നു. ആയതിലേക്ക് ജ്ഞാനവും സ്നേഹവും ഒന്നിച്ചു പ്രവർത്തിക്കണം. സ്നേഹം ആത്മീയ വർദ്ധന വരുത്തുകയും അന്യോന്യം സ്വാധീനിക്കുവാൻ ഇടയാകുകയും ചെയ്യുന്നു. ഐക്യത ഉണ്ടാകുവാൻ പരസ്പരം സ്നേഹത്തിലും സൗമ്യതയിലും ദീർഘക്ഷമയോടും കൂടെ പെരുമാറണം. എഫെ. 4:1-6 വാക്യങ്ങളിൽ ഐക്യതയുള്ളവരായി ജീവിക്കേണ്ടതിന്റെ ആവശ്യവും പ്രാധാന്യവും അപ്പൊസ്തലൻ ഊന്നിപ്പറയുന്നു. ഐക്യം സ്ഥലംസഭയിൽ വളരെ അത്യാവശ്യമാണ്. നമുക്ക് ഐകമത്യത്തിൽ ജീവിക്കാം.

**പരസ്പരം ഏക മനസ്സുള്ളവരായിരിക്കണം:**

പൗലോസ് അപ്പൊസ്തലൻ പറയുന്നത്: "നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം എന്നു ഞാൻ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" (1 കൊരി. 1:10). "ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കുകയും ചെയ്വിൻ" (എഫെ. 4:3). ഈ ആശയത്തിലാണ് റോമാ ലേഖനത്തിൽ അപ്പൊസ്തലൻ പറയുന്നത്, "ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മീയ വർദ്ധനയ്ക്കും ഉള്ളതിനു ശ്രമിച്ചുകൊൾക" (റോമ. 14:19). തമ്മിൽ തമ്മിൽ ആത്മീയ വർദ്ധന വരുത്തുവാൻ കഴിയുന്നതെല്ലാം ചെയ്വാൻ അപ്പൊസ്തലൻ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു. അപ്പോൾ ഐക്യത സഭയിൽ ഉണ്ടാകും.

**ലഭിച്ച ഐക്യത നിലനിർത്തണം; നഷ്ടപ്പെടുത്തരുത്.**

ഐക്യത നിലനിർത്തുവാൻ സ്വയം വിനയപ്പെടണം. ഭിന്നതകൂടാതെ ഏകാഭിപ്രായത്തിൽ യോജിച്ചിരിക്കുകയും വേണം. വ്യക്തിപരമായും സഭയായും പരസ്പരം ബന്ധിപ്പിക്കുന്നത് ഐക്യതയാണ്. പ്രായോഗിക ജീവിതത്തിലും സഭയിലും ഐക്യത വേണം. ആദിമ സഭകൾ ഐക്യതയ്ക്കും സ്നേഹത്തിനും ഉത്തമ മാതൃകയായിരുന്നു. നമുക്ക് ഐക്യത നിലനിർത്താം. അനുഗ്രഹത്തിന്റെ മാരി നമ്മുടെ സഭകളിൽ പെയ്യട്ടെ. സാത്താൻ നമ്മെ നശിപ്പിക്കുവാൻ അവസരം നൽകരുത്. സ്നേഹം ഐക്യതയുടെ താക്കോലാണ്. ശരീരത്തിന്റെ തല ക്രിസ്തുവും വിവിധ അവയവങ്ങൾ കൂട്ടുസഹോദരങ്ങളുമാണ്. സഭയിലെ ഓരോ വിശ്വാസിയും പ്രധാനപ്പെട്ടതാണ്. ഐക്യതയോടു കൂടെ മാത്രമെ ജീവിക്കുവാൻ പറ്റുകയുള്ളു. ഒരു ശരീരത്തിന്റെ വിവിധ അവയവങ്ങൾ എന്ന നിലയിൽ ഐകമത്യം ഉള്ളവരായി ജീവിക്കാം. കൂട്ടായ്മബന്ധം വർദ്ധിക്കട്ടെ. അങ്ങനെ ആത്മീയ വർദ്ധന ഉണ്ടാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പത്താം ക്ലാസ്സ് പരീക്ഷ കഴിഞ്ഞു
ഇനി ഒരു വഴിത്തിരിവിന്റെ കാലം
ശരിയായ ദിശ കൃത്യമായി പറഞ്ഞു തരുന്ന

**S.S.L. CAMP**

പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിൽ
1989 മുതൽ നടത്തിവരുന്ന മാർഗ്ഗനിർദ്ദേശ ക്യാമ്പ്

**പെനിയേൽ ബൈബിൾ സെമിനാരി, കീഴില്ലം, പെരുമ്പാവൂർ**

**2015 മാർച്ച് 31 – ഏപ്രിൽ 4**
**(ചൊവ്വ 4 p.m– ശനി 6 a.m)**

ഇത്തവണ പത്താം ക്ലാസ്സ് പരീക്ഷ എഴുതുന്ന
വിദ്യാർത്ഥികൾക്കു മാത്രം പ്രവേശനം
രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും:
sslcamp15@gmail.com
എന്ന ഇമെയിലിലോ 8943344002, 8943344008, 8943344009
എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക

ടെൻസൺ ജോസഫ്


## പ്രതിമാസപ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം കൂടൽ ബ്രദറൺ സഭാ ഹാളിൽ മാർച്ച് 28 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടക്കുന്നു. പ്രാർത്ഥനയോടെ പങ്കെടുക്കുക.

എ.എം. തോമസ്, മൈലപ്രാ ( 9946188372)

## ഒരാഴ്ചത്തെ വചന പഠനം

**കൊട്ടാരക്കര:** കൊട്ടാരക്കര സെന്റർ വൈ.എം.ഇ.എഫ്. ന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. 2015 മെയ് 11 മുതൽ 16 വരെ പുലമൺ ബ്രദറൺ ഗോസ്പൽ ഹാളിൽ ഒരാഴ്ചത്തെ വചനപഠനം നടക്കുന്നു. "കർത്താവിന്റെ രണ്ടാം വരവും വിശ്വാസിയുടെ പ്രത്യാശയും" എന്ന വിഷയത്തെ ആസ്പദമാക്കി ബ്രദർ സജീവ് വർഗീസ് പുതുപ്പള്ളി ക്ലാസ്സുകൾ എടുക്കുന്നതാണ്. ദിവസവും വൈകിട്ട് 6 മുതൽ 8.15 വരെയാണ് ക്ലാസ്സുകൾ. ദൈവമക്കൾ പ്രാർത്ഥനയോടെ പങ്കെടുക്കുക.

സന്തോഷ് മാത്യൂ (സെക്രട്ടറി)

## ഏകദിന സമ്മേളനം അനുഗ്രഹമായി

**ശബരിമാങ്കൽ:** സുവിശേഷകൻ ബാലസംഘം ശബരിമാങ്കൽ സെന്ററിന്റെ ഒരു ഏകദിന സമ്മേളനം 2015 ഫെബ്രുവരി 7–ന് എസ്.പി.എസ്.എഫ്. ഫണ്ട് സഭകളുടെ സംയുക്ത കൺവൻഷൻ പന്തലിൽ വച്ച് നടന്നു. കുട്ടികളും ലീഡേഴ്സും സുവിശേഷകന്മാരും മാതാപിതാക്കളും ഉൾപ്പെടെ 150 പേരോളം പങ്കെടുത്തു. തുടർന്നും എസ്.ബി.എസ്. ശബരിമാങ്കൽ സെന്ററിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കേണമെ.

**അനിൽ തോമസ് (സെക്രട്ടറി)**

## ഏകദിന സുവിശേഷ പ്രവർത്തനം

**കൊട്ടാരക്കര:** വൈ.എം.ഇ.എഫ്. കൊട്ടാരക്കര സെന്ററിന്റെ ഏകദിന സുവിശേഷ പ്രവർത്തനം 2015 ഫെബ്രുവരി 14 ശനിയാഴ്ച കൊട്ടാരക്കര ഐവർകാല രഹബോത്ത് സ്ഥലംസഭയുടെ സഹകരണത്തിൽ വൈ.എം.ഇ.എഫ്. കൊട്ടാരക്കര സെന്ററിന്റെ ചുമതലയിൽ നടന്നു. 16 സഹോദരന്മാർ പങ്കെടുത്തു. അനേക സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു. പലർക്കും വചനം പഠിക്കുവാനുള്ള താല്പര്യം ഉള്ളതായി കണ്ടു. ഈ മാസത്തെ പ്രവർത്തനം മാർച്ച് 14 ശനിയാഴ്ച പൂവൻപൊയ്ക ബ്രദറൺ സഭയുടെ സഹകരണത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ദൈവമക്കൾ പ്രാർത്ഥിച്ചാലും.

സന്തോഷ് മാത്യൂ (സെക്രട്ടറി)
9497284608


കൊല്ലം സോദരിഭവനിൽ
**39–ാമത് ഓൾ കേരള സിസ്റ്റേഴ്സ് കോൺഫ്രൻസ്**

2015 ഏപ്രിൽ 2 വ്യാഴം രാവിലെ 10 മണി
മുതൽ 4 ശനി ഉച്ചയ്ക്ക് 1:00 മണി വരെ.

തീം: "ചെറിയ ആട്ടിൻകൂട്ടമെ ഭയപ്പെടരുത്"
വചനശുശ്രൂഷ: മിസിസ്സ് എൽസി ബേബി (യു.എസ്.എ.),
മിസിസ്സ് ഓമന ജോൺസ് (മധുര)
സഹോദരിമാർക്ക് സ്വാഗതം

**3 WEEKS BIBLE SCHOOL**

2015 ഏപ്രിൽ 5 ഞായർ വൈകിട്ട് 4 മുതൽ 25 ശനി
ഉച്ചയ്ക്ക് 1 മണി വരെ
അദ്ധ്യാപകർ : ജയൻ ചെറുശ്ശേരി, തൃശ്ശൂർ, വർഗ്ഗീസ് ജോൺ തിരുവനന്തപുരം, ജോർജ്ജ് ചാക്കോ മാവേലിക്കര.

14 മുതൽ 25 വയസ്സുവരെ പ്രായമുള്ള സഹോദരിമാർക്ക് പ്രവേശനം.

ജോയിസ് മാത്യു
(0474 2744846)



**GUJARAT BRETHREN BIBLE INSTITUTE**

Applications are invited from students for One Year Course commencing from 2nd June 2015, at Gujarat Brethren Bible Institute, Gandhidham,Kutch. Those who bear good testimony at their local Assembly can apply. Practical training shall be given along with Bible Studies. Medium of instruction is Hindi . Food and accomodation shall be free. Please write immediately for Application Form:

Gujarat Brethren Bible Institute
Plot.No.147,Sector - 7
Gandhidham, 370201, Kutch, Gujarat.
Ph. 02836-224763, 226951.
M-09825169406;09409229042
e-mail:payyanursimon@gmail.com


ചിന്ത
*റ്റി. വി. എസ്.*

# എന്റെ മീതെ അവൻ പിടിച്ചിരിക്കുന്ന കൊടി സ്നേഹം തന്നെ

ഉത്തമഗീതം രണ്ടാം അധ്യായത്തിലെ ശൂലേംകാരിയുടെ ധൈര്യത്തിന്റെയും സമാധാനത്തിന്റെയും രഹസ്യം മുകളിൽ കൊടുത്ത വാക്കുകളാണ്. ശൂലേംകാരിയുടെ മീതെ പറക്കുന്നത് സ്നേഹത്തിന്റെ കൊടിയാണ്. ആയതിനാൽ ശത്രുവിന് ഒരിക്കലും അവളെ നശിപ്പിക്കുവാൻ കഴികയില്ല. കാരണം, അവളെ സ്നേഹിക്കുന്ന, അവളെ കരുതുന്ന അവളുടെ പ്രിയനാണ് അത് പിടിച്ചിരിക്കുന്നത്. മാത്രമല്ല അവളുടെ മീതെയാണ് അത് പിടിച്ചിരിക്കുന്നത്. ആ കൊടിക്കീഴിലാണ് അവളുടെ വിശ്രമം– അവളെ ആനയിച്ചത് വിരുന്നു വീട്ടിലേക്കാണ്. അതും ശ്രേഷ്ഠമായ ഒരു അനുഭവം തന്നെ. അവിടെ പട്ടിണിയില്ല. ഭക്ഷണം അവിടെ സമൃദ്ധിയായി എല്ലാ ദിവസവും ലഭിക്കുന്നു. ബോവസ് രൂത്തിനോട് പറഞ്ഞതുപോലെ, ഇനി മറ്റൊരു വയലിൽ പോകേണ്ട ആവശ്യമില്ല. സ്വർഗ്ഗീയ സ്നേഹത്തിന്റെ കൊടിക്കീഴിൽ എല്ലാം ഭദ്രം തന്നെയാണ്.

ജന്മനാ ഇംഗ്ലീഷുകാരനായ ഒരു വ്യക്തി അമേരിക്കൻ പൗരത്വം സ്വീകരിച്ച് താമസിച്ചു വരവെ വ്യവസായ സംബന്ധമായി സ്പെയിനിൽ ചെന്നു താമസിച്ചു. ഒരു ഒറ്റുകാരൻ എന്ന നിലയിൽ ഇദ്ദേഹത്തെ സംശയിച്ചതിനാൽ അവർ അദ്ദേഹത്തെ വിസ്തരിച്ച് സൈനിക കോടതി അവനെ വെടിവെച്ച് കൊല്ലുവാൻ ഉത്തരവ് ഇറക്കുകയും ചെയ്തു. തന്റെ പരമാർത്ഥത വളരെ വിനയത്തോടെ അറിയിച്ചിട്ടും സ്പാനിഷ് ഗവൺമെന്റ് അത് അനുഭാവപൂർവ്വം പരിഗണിച്ചില്ല. അദ്ദേഹത്തെ പരസ്യമായി വെടിവെച്ചു കൊല്ലുവാൻ നിശ്ചയിച്ച സമയത്തിനു അല്പം മുമ്പെ അദ്ദേഹത്തെ കൊലക്കളത്തിൽ കൊണ്ടു ചെന്നു നിറുത്തി– അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെയും സ്ഥാനപതികൾ അവനെ വിടുവിപ്പാൻ പരിശ്രമിച്ചു എങ്കിലും സാധിച്ചില്ല. വെടിവെയ്ക്കുന്നതിനു നിശ്ചയിച്ച സമയത്തിനു അല്പം മുന്നെ അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെയും സ്ഥാനപതികൾ ഒരു വാഹനത്തിൽ പെട്ടെന്ന് അവന്റെ അടുക്കൽ എത്തി. അവർ തങ്ങളുടെ രാജ്യത്തിന്റെ കൊടികൾ കൊണ്ട് അവനെ പുതപ്പിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു, "ഇനി ധൈര്യമുണ്ടെങ്കിൽ വെടിവെയ്ക്കുക." ഇതിങ്കൽ സ്പാനിഷ് ഗവൺമെന്റ് ഞെട്ടിപ്പോയി. വെടിവെച്ചാൽ ആദ്യം കൊള്ളുന്നത് ആ രണ്ട് കൊടികൾക്കായിരിക്കും– കൊടി തകർത്താൽ യുദ്ധം നിശ്ചയം തന്നെ– അതുകൊണ്ട് സ്പാനിഷ്

> അവർ തങ്ങളുടെ രാജ്യത്തിന്റെ കൊടികൾ കൊണ്ട് അവനെ പുതപ്പിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു, "ഇനി ധൈര്യമുണ്ടെങ്കിൽ വെടിവെയ്ക്കുക." ഇതിങ്കൽ സ്പാനിഷ് ഗവൺമെന്റ് ഞെട്ടിപ്പോയി.

ഗവൺമെന്റ് അതിൽ നിന്ന് പിൻവാങ്ങി– അദ്ദേഹത്തെ വെറുതെ വിട്ടു. ആ രാജ്യങ്ങളുടെ കൊടിയാൽ അദ്ദേഹം പൊതിയപ്പെട്ടതിനാൽ കെണി പൊട്ടിപ്പോന്ന പക്ഷിയെപ്പോലെ അദ്ദേഹം സ്വതന്ത്രനായി തീർന്നു.

സാത്താന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന നമ്മെ രക്ഷിച്ചത് കാൽവറിയിലെ മരണത്താൽ നമുക്ക് എതിരെ നിന്നിരുന്ന കൈയെഴുത്ത് മായിച്ചുകൊണ്ടാണ്. കാൽവറിയിലെ വിജയം ആണ് നമ്മെ സ്വതന്ത്രരാക്കി തീർത്തത്– കാൽവറിയിലെ ജയാളിയായ ക്രിസ്തുവാണ് നമ്മുടെ മേൽ സ്നേഹത്തിന്റെ കൊടി പിടിച്ചിരിക്കുന്നത്– നാം അവന്റെ കൊടിക്കീഴിൽ വളരെ ഭദ്രമായി സംരക്ഷിക്കപ്പെടുന്നു. അങ്ങനെ കാര്യങ്ങൾ വളരെ 'ഈസി'യായി ക്രമീകരിക്കപ്പെടുന്നതിനാൽ ദൈവിക പരിപാലനത്തിന്റെ മഹത്വം വേണ്ടപോലെ നാം മനസ്സിലാക്കാറുണ്ടോ? ഇല്ലെങ്കിൽ അത് വളരെ ദുഃഖകരമാണ്. ആ രണ്ടു രാജ്യങ്ങളുടെ കൊടികൾ മൂലം ആ വ്യക്തിക്ക് ജീവൻ ലഭിച്ചു. കാൽവറിയിൽ ഉയർത്തപ്പെട്ട വിജയത്തിന്റെ കൊടിക്കീഴിലാണ് നാം ഓരോരുത്തരും. ആയതിനാൽ വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിന് നാം വളരെ ശ്രദ്ധിക്കേണ്ടതാണ്. അല്ലെങ്കിൽ പ്രിയന്റെ കൊടി താഴ്ത്തി കെട്ടേണ്ടതായി വരും. കൊടി താഴ്ത്തി കെട്ടുന്നത് വലിയ രാഷ്ട്ര നേതാക്കന്മാർ മരിക്കുമ്പോഴാണ്. ചിലരുടെ ജീവിതത്തിൽ ആത്മീയ മനുഷ്യൻ മരിക്കുമ്പോൾ അങ്ങനെ വേണ്ടിവരും. അത് ദൈവരാജ്യത്തിന് അപമാനവും ദുഃഖവും ആണ്. നമ്മുടെ മീതെ അവൻ പിടിച്ച കൊടി ജയത്തിന്റേതാണ്. അത് താഴാതിരിക്കട്ടെ. സ്നേഹത്തിന്റെ കൊടി ഉയർന്നിരിക്കട്ടെ.


**SUVISESHA DHWANI**
Fortnightly
Vol. 37 Issue 40
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**
Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com
**14.03.2015**



REGISTERED
*Reg. No. RN 29475/78*
*Postal Reg. No. KL / MVK / 188 / 2014-16*
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.